നമ്പർ: 28/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളിക്കൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പ. സഭ പരിശുദ്ധ വലിയനോമ്പിലേക്ക് പ്രവേശിക്കുകയാണല്ലോ. ദൈവവുമായുള്ള ബന്ധത്തിൽനിന്ന് നാം അകന്നു പോയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും ദൈവസ്നേഹത്തിന്റെ ആഴങ്ങളിലേക്ക് മടങ്ങിവരുവാനുമാണ് പരിശുദ്ധ നോമ്പ് നമ്മോട് ആഹ്വാനം ചെയ്യുന്നത്. യഥാർത്ഥമായ അനുതാപവും കണ്ണുനീരും ഉപവാസവും പ്രാർത്ഥനയും ആയുധമാക്കി ദുഷ്ടശക്തികളെ അതിജീവിക്കുവാൻ നമുക്ക് സാധിക്കണം. നന്മയിലേക്ക് വളരുവാനുള്ള അവസരമാണ് പരിശുദ്ധ നോമ്പ്. പാപത്താൽ മലീമസമായ തേജസ്സിന്റെ വസ്ത്രം കണ്ണുനീരാൽ അലക്കി വെളുപ്പിക്കുവാനുള്ള വിശുദ്ധ ദിനങ്ങളാണ് വന്നെത്തുന്നത്. നോമ്പ് ചില ഭക്ഷണസാധനങ്ങളുടെ വർജ്ജനം മാത്രമല്ല. നമുക്ക് കൂടുതൽ ആസക്തി തോന്നുന്ന ലൗകിക കാര്യങ്ങളെയൊക്കെ നോമ്പുകാലത്ത് മാറ്റി വയ്ക്കുവാൻ സാധിക്കണം. ലൗകികമായ ഉല്ലാസങ്ങൾക്ക് പകരം പ്രാർത്ഥനയ്ക്കായി കൂടുതൽ സമയം ചിലവഴിക്കാം. ആവശ്യക്കാരെ കരുതുവാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ് - പ്രത്യേകിച്ച് നോമ്പുകാലത്ത്. നോമ്പിലെ യാമപ്രാർത്ഥനകളിൽ ഈ ചിന്ത പലവട്ടം ആവർത്തിക്കുന്നുണ്ട്. വേദവായനയ്ക്കും യാമപ്രാർത്ഥനകൾക്കും കുമ്പിടീലിനും കുടുംബം മുഴുവനും ഒന്നുചേരണം. നോമ്പാചരണത്തിലൂടെ ദേശത്തിന് സൗഖ്യവും സഭയ്ക്ക് പുതുക്കവും കുടുംബങ്ങൾക്ക് നവീകരണവും പാപികൾക്ക് മാനസാന്തരവും ലഭിക്കുമെന്ന് നാം വിശ്വസിക്കുന്നു. കഷ്ടതകളുടെ ചൂളയിൽ എരിഞ്ഞു പോകാതെ ക്രൂശിലെ രക്ഷകനെ നോക്കി അവന്റെ ഉയർപ്പിന്റെ മഹത്വവും സമാധാനവും സന്തോഷവും ആർജ്ജിക്കുവാൻ നമുക്ക് സാധിക്കട്ടെ. 'ഞങ്ങളുടെ രക്ഷകൻ നോറ്റ നോമ്പേ സമാധാനത്താലെ വരിക' എന്ന പ്രാർത്ഥന നമ്മുടെ ഹൃദയങ്ങളിൽ ഒരു നിമിഷപ്രാർത്ഥനയായി തീരട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കന്മാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 ജനുവരി മാസം 16-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

**In the blessed name of the Tri-une God, Self-existent,**
**Beginningless and Endless, Perfect in Being, (Glory be to Him)**
**Moran Mar Baselios Marthoma Mathews III Catholicos of the East and**
**Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 28/2023**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,

The Holy Church is now entering the Great Lent. This holy period exhorts us to examine whether we have distanced ourselves from the relationship with God and to come back to the depth of God's love. We should overcome the evil forces with the weapons of prayer, fasting, tears and repentance. The holy Lent is an opportunity to grow in virtue. These days are the time to wash the garment of glory tainted and soiled by sin. Lent is not only a time to abstain from certain food items but also a time to stay away from all worldly things we are addicted to. Let us dedicate more time for prayer instead of worldly pleasures. Let us be compassionate to those in need especially in this Lenten period. The prayers of the Lent underline this fact. In our families all members should join the prayers, scripture reading and prostrations in the lent. We believe that the observance of Lent brings healing for the country, rejuvenation for the Church and renewal for families. Let us be able to acquire peace, joy and glory of resurrection by looking at the Saviour on the cross without being consumed by the flames of sufferings. Let us carry the prayer "O Lent which our Saviour observed, come in peace" as a repetitive prayer in our hearts.

May the Grace and Blessings of God Almighty abide with you forever. And may the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and of all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On January 16, 2023.